ഐ.എച്ച്.ആർ.ഡി.-യുടെ നടത്തിപ്പിലുള്ള കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചെങ്ങന്നൂർ, മോഡൽ എഞ്ചിനീയറിംഗ് കോളേജ്, കൊച്ചി, എൽ.ബി.എസ്. സെന്ററിന്റെ നടത്തിപ്പിലുള്ള എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ്, പ്രൈവറ്റ് അൺ എയിഡഡ് സ്ഥാപനമായ എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുറ്റിപ്പുറം എന്നിവയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) 2003 മാർച്ച് മുതൽ 5 വർഷത്തേയ്ക്കാണ് സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്. തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾക്ക് മൊത്തം ചെലവിന്റെ 80% സാമ്പത്തിക സഹായം കൊടുക്കുന്നു. പ്രസ്തുത 80%-ന്റെ 70% വായ്പ 30% ഗ്രാന്റ് എന്ന അനുപാതത്തിലാണ് പദ്ധതി സഹായം. പദ്ധതി കാലയളവിൽ എൻ.ഐ.ടി. ഒഴികെയുള്ള 6 കോളേജുകൾക്ക് 40.85 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് സാമ്പത്തിക അംഗീകാരം ലഭിച്ചിട്ടുണ്ട്. സാമ്പത്തിക സഹായം ലഭിക്കുന്ന മൊത്തം തുകയുടെ ലോൺ ഭാഗമായ 70% പലിശ ഉൾപ്പെടെ 20 കൊല്ലം കൊണ്ട് തിരിച്ചടയ്ക്കേണ്ടതാണ്.

(ഡി) സഹായം ലഭിക്കുന്ന സ്ഥാപനം എൻ.ബി.എ. (നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ) അക്രഡിറ്റേഷനുള്ളവയാകണം. ഉത്തരവാദിത്തമുള്ള അക്കാദമിക് സ്വയംഭരണം, സാമ്പത്തിക സ്വയംഭരണം, മാനേജീരിയൽ സ്വയംഭരണം എന്നിവയ്ക്ക് പുറമേ ഉത്തരവാദിത്തമുള്ള അഡ്മിനിസ്ട്രേറ്റീവ് സ്വയംഭരണവും പ്രസ്തുത സ്ഥാപനത്തിന് ഉണ്ടാവണം, ഇവയാണ് പ്രധാന നിബന്ധനകൾ.

കടലാക്രമണത്തിൽ വീടും വസ്തുവകകളും നഷ്ടപ്പെട്ടവർക്ക് സമാശ്വാസ പദ്ധതികൾ

*4 [259] ശ്രീ. ജോണി നെല്ലൂർ:
„ ഷിബു ബേബിജോൺ:
„ ഉമേഷ് ചള്ളിയിൽ:
„ എ. എൻ. രാജൻ ബാബു:
„ കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണത്തിൽ വീടും വസ്തുവകകളും നഷ്ടപ്പെട്ടവർക്ക് സർക്കാർ നൽകുന്ന സമാശ്വാസ സാമ്പത്തിക പദ്ധതികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് കടൽക്ഷോഭത്തിൽ ഈ വർഷം എത്ര വീടുകൾ പൂർണ്ണമായി തകർന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഭാഗികമായി തകർന്നവ എത്ര;

(ഡി) വീടുകൾ, വസ്തുവകകൾ, കൃഷി എന്നീ ഇനത്തിലെല്ലാം കൂടി ആകെ ഉണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) കടലാക്രമണത്തിൽ വീടും വസ്തുവകകളും നഷ്ടപ്പെട്ടവർക്ക് അർഹതയനുസരിച്ച് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും താലൂക്ക് തഹസിൽദാർമാർ വഴി ധനസഹായം ചെയ്തുവരുന്നു. കടലാക്രമണത്തിൽ വീട് പൂർണ്ണമായി ഒലിച്ചുപോയവർക്ക് 25,000 രൂപയും പൂർണ്ണമായി നഷ്ടപ്പെടുകയും, പുനർ നിർമ്മാണത്തിന് പഴയ വീടിന്റെ സാധന സാമഗ്രികൾ ഭാഗികമായി ഉപയോഗിക്കാൻ പറ്റുമെങ്കിൽ അവർക്ക് 15,000 രൂപയും ഭാഗികമായി കേടുപാടുകൾ സംഭവിച്ചവയ്ക്ക് പരമാവധി 5,000 രൂപയും, വീടും സ്ഥലവും പൂർണ്ണമായി നഷ്ട പ്പെട്ടവർക്ക് 4 സെന്റ് ഭൂമിയും നൽകുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ റിലീഫ് ക്യാമ്പുകൾ തുറക്കുകയും സൗജന്യ റേഷൻ നൽകുകയും ചെയ്യുന്നു. മത്സ്യബന്ധനത്തിനു പോയി കടൽക്ഷോഭംകൊണ്ട് കാണാതായ മത്സ്യത്തൊഴിലാ ളികളുടെ കുടുംബത്തിന് 25,000 രൂപ വീതം താൽക്കാലിക ധനസഹായം നൽകുന്നതാണ്. മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടാൽ അവർക്കും ധനസഹായം നൽകിവരുന്നു.

(ബി) 299 എണ്ണം പൂർണ്ണമായി തകർന്നിട്ടുണ്ട്.

(സി) 7790 എണ്ണം ഭാഗികമായി തകർന്നിട്ടുണ്ട്.

(ഡി) 8,68,45,058 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

പെട്രോളിൽ മായം ചേർക്കൽ തടയുവാൻ നടപടി

*5 [T280] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:

" ഇ. ടി. മുഹമ്മദ് ബഷീർ:

" സി. മോയിൻകുട്ടി:

" പി. കെ. അബ്ദുറബ്ബ്:

" ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില പെട്രോൾ പമ്പുകളിൽ പെട്രോളിൽ മായം ചേർക്കുന്നതായും അളവിൽ കൃത്രിമം കാണിക്കുന്നതായും പരിശോധനയിൽ തെളിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കുറ്റകൃത്യം കണ്ടുപിടിക്കുന്നതിന് സ്ഥിരമായ സംവിധാനം സംസ്ഥാന വ്യാപകമായി നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുമോ;

(ഡി) പെട്രോളിൽ മായം ചേർക്കുകയും അളവിൽ കൃത്രിമം കാണിക്കുകയും ചെയ്യുന്ന പമ്പുടമകൾക്ക് എതിരെ എന്ത് നടപടിയാണ് സ്വീകരി ക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly